ഉത്തരം

(എ) കേരള ടെക്സ്റ്റയിൽ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം 1-4-1995-നാണ് ഏറ്റവും ഒടുവിൽ നടപ്പിലാക്കിയത്.

(ബി) ഉണ്ട്.

(സി) ശമ്പള പരിഷ്ക്കരണത്തിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വൃദ്ധസദന പദ്ധതി

144 [1323] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വൃദ്ധസദനങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എത്രയെണ്ണം ഇതിനകം സ്ഥാപിച്ചിട്ടുണ്ട്; ആരംഭിക്കാൻ നിശ്ചയിച്ചതെത്ര;

(സി) ഇതിന്റെ നടത്തിപ്പിനെ സംബന്ധിച്ചും, പദ്ധതിയുടെ വിശദാംശങ്ങളെ സംബന്ധിച്ചും വ്യക്തമാക്കാമോ?

ഉത്തരം

(എ) 100 ദിന കർമ്മ പരിപാടിയിൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ വൃദ്ധജനങ്ങൾക്കുള്ള താമസത്തിനും മറ്റും 'സ്നേഹതീരം' എന്ന പേരിൽ ഒരു പദ്ധതി 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് നടപടി

145 [1324] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും സർക്കാരിന്റെ ആഭിമുഖ്യത്തിൽ വൃദ്ധസദനങ്ങൾ നടത്തി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ ആണ്; എത്ര എണ്ണം എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പുതുതായി വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 9 വൃദ്ധസദനങ്ങളും, 4 വൃദ്ധ വികലാംഗ സദനങ്ങളും, ഒരു വൃദ്ധപരിപാലന കേന്ദ്രവും, ഒരു വയോജന പകൽ പരിപാലന കേന്ദ്രത്തോടുകൂടിയ സ്ത്രീകളുടെ വൃദ്ധമന്ദിരവും ഉൾപ്പെടെ ആകെ 15 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. താഴെ പറയുന്ന സ്ഥലങ്ങളിലാണ് ഈ വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നത്.

1. വൃദ്ധ മന്ദിരം, കൊല്ലം
2. വൃദ്ധ മന്ദിരം, കോട്ടയം
3. വൃദ്ധ മന്ദിരം, എറണാകുളം
4. വൃദ്ധ മന്ദിരം, തൃശ്ശൂർ
5. വൃദ്ധ മന്ദിരം, മലപ്പുറം
6. വൃദ്ധ മന്ദിരം, കോഴിക്കോട്
7. വൃദ്ധ മന്ദിരം, കണ്ണൂർ
8. വൃദ്ധ മന്ദിരം, കാസർഗോഡ്
9. വൃദ്ധ മന്ദിരം, പത്തനംതിട്ട
10. വൃദ്ധവികലാംഗസദനം, ആലപ്പുഴ
11. വൃദ്ധവികലാംഗസദനം, ഇടുക്കി
12. വൃദ്ധവികലാംഗസദനം, വയനാട്
13. വൃദ്ധവികലാംഗസദനം, പാലക്കാട്
14. കെയർ ഹോം, ചാക്ക, തിരുവനന്തപുരം
15. വയോജന പകൽ പരിപാലന കേന്ദ്രത്തോടുകൂടിയ സ്ത്രീകളുടെ വൃദ്ധ സദനം, കാലടി, തിരുവനന്തപുരം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉദ്ദേശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

സാധുജന സുരക്ഷാ പദ്ധതിയിലെ ഗുണഭോക്താക്കൾ

146 [1325] *ശ്രീ. എം. എം. ഹസ്സൻ:*

,, *കടവൂർ ശിവദാസൻ:*

,, *കെ. എ. ചന്ദ്രൻ:*

ശ്രീമതി മേഴ്സി രവി:

ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധുജന സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എപ്രകാരമാണ്;

(ബി) ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യം അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന സമിതിയുടെ ചട്ടങ്ങളിൽ മാറ്റം വരുത്തുവാനുള്ള നിർദ്ദേശം പരിഗണനയിലാണ്. ആശ്രയ പദ്ധതി അനുസരിച്ച് കുടുംബശ്രീ അഗതി കുടുംബങ്ങളായി കണ്ടെത്തിയിട്ടുള്ള പട്ടികയിലുള്ളവരാണ് ഈ പദ്ധതിയുടെയും ഗുണഭോക്താക്കളായി ഉദ്ദേശിക്കുന്നത്. കൂടാതെ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ അന്തേവാസികളായി കഴിയുന്ന അഗതികളും നിർദ്ദിഷ്ട പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടും.

(ബി) പദ്ധതിയിൽ ഉൾപ്പെടുന്ന അഗതി കുടുംബങ്ങൾക്ക് അവരുടെ അടിസ്ഥാന ആവശ്യങ്ങൾ, അതിജീവനയാവശ്യങ്ങൾ, വികസനാവശ്യങ്ങൾ, മാനസികാവശ്യങ്ങൾ എന്നിവയ്ക്ക് ആനുകൂല്യങ്ങൾ അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly